ശ്രീ, കെ. ശങ്കരനാരായണപിള്ള :

,, സിറിയക് ജോൺ :

,, വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം പുതിയ റയിൽവേ ലൈനുകൾ വേണമെന്നാണ് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ നിവേദനം നടത്തിയിട്ടുള്ളത് ;

(ബി) കേരളീയരിൽ വലിയ ശതമാനം ബോംബെയുമായി യാത്രാ ബന്ധമുള്ളവരാണെന്ന കാര്യം കണക്കിലെടുത്ത് മംഗലാപുരം–ബോംബെ തീരദേശ റയിൽവേയ്ക്കുവേണ്ടി കേരളം എപ്പോഴെങ്കിലും നിവേദനം നടത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ നിവേദനം നടത്തുവാൻ ദയവുണ്ടാകുമോ ;

(ഡി) കോഴിക്കോട്–നഞ്ചങ്കോട് (മൈസൂർ) റയിൽവേയുടെ ആവശ്യകതയെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ;

(ഇ) മൈസൂറിൽ നിന്നും കേരളത്തിലേക്ക് റയിൽവേ ലൈൻ സ്ഥാപിക്കുവാൻ ചുരങ്ങളും കടക്കാതെ തന്നെ കോടഞ്ചേരിവഴി കോഴിക്കോട്ടേക്ക് ഒരു പുതിയ ലൈനിന്റെ നിർമ്മാണത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാൻ ദയവുണ്ടാകുമോ ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 1. ആലപ്പുഴ–കായംകുളം ലൈൻ.

2. ഗുരുവായൂർ–കുറ്റിപ്പുറം ലൈൻ.

3. തലശ്ശേരി മൈസൂർ ലൈൻ.

4. കോട്ടയം–മധുര ലൈൻ.

5. തീരദേശത്തിലൂടെ ബോംബെക്കുള്ള ലൈൻ.

6. ചെങ്ങന്നൂർ/കായംകുളം–കൊട്ടാരക്കര നെടുമങ്ങാട് വഴി–തിരുവനന്തപുരം ലൈൻ.

(ബി) ഉണ്ട്.

(സി) ബി യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) തലശ്ശേരി–മൈസൂർ ലൈൻ സ്ഥാപിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥനയ്ക്ക് കേന്ദ്ര സർക്കാരിൽനിന്നും മറുപടിയൊന്നും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇനിയൊരു ഭേദഗതി വരുത്തേണ്ടയാവശ്യമുണ്ടെന്നു തോന്നുന്നില്ല. ലൈൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക സർവ്വെ നടത്തി റിപ്പോർട്ടു കിട്ടിക്കഴിഞ്ഞാൽ ഭേദഗതി വേണ്ടിവരുകയാണെങ്കിൽ അത് പരിഗണിക്കുന്നതാണ്.

ഹൈക്കോടതിയിൽ നിലവിലിരിക്കുന്ന നികുതികേസുകൾ

* 105. [147] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ഹൈക്കോടതിയിൽ എത്ര നികുതി കേസുകളാണ് ഇപ്പോഴും നിലവിലുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കേസുകളിലൊട്ടാകെ എത്ര കോടി രൂപയാണ് പിരിഞ്ഞു കിട്ടേണ്ടത്;

(സി) ഈ കേസുകൾ കഴിയുന്നതും വേഗം തീർക്കാൻ എന്തെങ്കിലും നടപടി സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഈ കേസുകൾ എത്രയും വേഗം തീർക്കുന്നതിനുള്ള എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശമുണ്ടോ ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) കാർഷികാദായനികുതി കേസുകളിൽ 271 എണ്ണവും വിൽപന നികുതികേസുകളിൽ 960 എണ്ണവും ഉൾപ്പെടെ ആകെ 1231 കേസുകൾ ഇപ്പോൾ നിലവിലുണ്ട്. മറ്റു നികുതി കേസുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) 'സി' വിഭാഗത്തിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സ്കൂളുകൾക്ക് കെട്ടിടം പണിയുവാനുള്ള പദ്ധതി

* 106. [148] ശ്രീ. കെ. ടി. കുമാരൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട സൗകര്യം തീരെയില്ലാത്ത ഗവൺമെന്റ് സ്കൂളുകൾക്ക് കെട്ടിടം പണിയുവാനുള്ള എന്തെങ്കിലും പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി പ്രകാരം ഈ വർഷം എത്ര സ്കൂളുകൾ ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്.

(ബി) കെട്ടിടസൗകര്യം തീരെയില്ലാത്തതും നല്ല നിലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾ ഉള്ളതുമായ ഏതാനും സ്കൂളുകളിൽ ഒരു നിശ്ചിതസമയത്തിനുള്ളിൽ പി. ഡബ്ലി. എ. യുടെ ഉത്തരവാദിത്വത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി വിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ഒരു ലക്ഷം രൂപയും ആ തുകയ്ക്ക് തീരുന്നതുമായ ഒരു ടൈപ്പ് ഡിസൈനും പി. ഡബ്ലി. എ.യെ ഏൽപ്പിക്കും. വിദ്യാഭ്യാസവകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റേയും മേൽനോട്ടം ഇക്കാര്യത്തിൽ ഉണ്ടാകും. ഈ പദ്ധതിയനുസരിച്ച് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കിവരികയാണ്. ഇതിലേക്ക് ഓരോ നിയോജകമണ്ഡലത്തിൽ നിന്നും രണ്ടു സ്കൂളുകൾ വീതം നിർദ്ദേശിക്കുവാൻ എം. എൽ. എ. മാരോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly